മാതൃഭൂമി

01 September 2023

# ആഴക്കടലിലും കൂടുമത്സ്യക്കൃഷി വ്യാപിപ്പിക്കണം -മന്ത്രി പർഷോത്തം രൂപാല

## മാരികൾച്ചർ ലീസിങ് പോളിസിക്ക് രൂപംനൽകും



കേന്ദ്ര ഫിഷറീസ് മന്ത്രി പർഷോത്തം രൂപാല സി.എം.എഫ്.ആർ.ഐ.യുടെ വിഴിഞ്ഞത്തുള്ള കേന്ദ്രം സന്ദർശിച്ചപ്പോൾ

**വിഴിഞ്ഞം ▸** കൂടുമത്സ്യക്കൃഷി ഉൾപ്പെടെയുള്ള സമുദ്ര കൃഷി സുസ്ഥിരമായ രീതിയിൽ വികസിപ്പിക്കുന്നതിന് കേന്ദ്ര സർക്കാർ മാരികൾച്ചർ ലീസിങ് പോളിസിക്ക് ഉടനെ രൂപംനൽകുമെന്ന് കേന്ദ്ര ഫിഷറീസ് മന്ത്രി പർഷോത്തം രൂപാല പറഞ്ഞു. സാഗർപരിക്രമയുടെ എട്ടാമത് ഘട്ടം കന്യാകുമാരിയിൽ തുടക്കം കുറിക്കുന്നതിന് മുന്നോടിയായി ഫിഷറീസ് സഹമന്ത്രി എൽ.മുരുഗൻ, വിദേശകാര്യമന്ത്രി വി.മുരളീധരൻ ഉൾപ്പെട്ട സംഘത്തിനൊപ്പം സി.എം.എഫ്.ആർ.ഐ.യുടെ വിഴിഞ്ഞം കേന്ദ്രത്തിൽ സന്ദർശനം നടത്തുകയായിരുന്നു അദ്ദേഹം. വർഷങ്ങളുടെ പഴക്കമുള്ള വിഴിഞ്ഞത്തെ ഫിഷ്‌ലാൻഡിങ് സെന്റർ നവീകരിക്കേണ്ടതുണ്ടെന്ന് മന്ത്രി പർഷോത്തം രൂപാല പറഞ്ഞു. മത്സ്യത്തൊഴിലാളികളുടെ ആശങ്കകൾ ഫിഷറീസ് ഡയറക്ടർ ഡോ. അദീല അബ്ദുള്ള മന്ത്രിക്ക് വിശദീകരിച്ചു കൊടുത്തു. സി.എം.എഫ്.ആർ.ഐ. ഡയറക്ടർ ഡോ. എ.ഗോപാലകൃഷ്ണൻ വിഴിഞ്ഞത്തെ സമുദ്രഗവേഷണ കേന്ദ്രത്തെക്കുറിച്ച് വിശദീകരിച്ചുകൊടുത്തു.